നേടിപോയത്. കോളേജുകളിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ പോലും ആ കോളേജുകൾ ഉപേക്ഷിച്ചുകൊണ്ട് സൗകര്യപ്രദമായി ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ എടുക്കുന്ന സാഹചര്യം ഉണ്ടായി. മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ച ആ വിദ്യാർത്ഥികളെ അടക്കം മാനേജ്മെന്റ് പറയുന്ന ഫീസ് കൊടുക്കാത്തതുകൊണ്ട് പുറത്താക്കിയിരിക്കുകയാണ്. അവർ സെക്രട്ടേറിയറ്റ് നടയിൽ സമരവുമായിട്ട് വന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ മുൻപാകെ ഇക്കാര്യങ്ങൾ അവതരിപ്പിച്ചു. ഇപ്പോൾ മണി മണി പോലെ സബ്മിഷൻ അവതരിപ്പിക്കുന്നതിനു മുൻപുതന്നെ മറുപടിയും ആനുകൂല്യങ്ങളും കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇന്നലെ ഈ സഭയിൽ മുഖ്യമന്ത്രി സ്വാശ്രയ കോളേജുകൾക്ക് മുക്ക് കയറ് ഇടുമെന്ന് പ്രഖ്യാപിച്ചു. മുക്ക് കയറ് ഇട്ടില്ലെങ്കിലും ഈ വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സൗകര്യം ഉണ്ടാകണം. ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടേ? അതുകൊണ്ട് ഈ വിഷയത്തിൽ അടിയന്തിര തീരുമാനമെടുക്കണം. വിദ്യാർത്ഥികൾ പെരുവഴിയിലാണ്. അവർക്ക് പഠിക്കുവാൻ കഴിയുന്നില്ല. അവരുടെ ഭാവി അപകടത്തിലാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് അനങ്ങാപ്പാറ നയം ഉപേക്ഷിച്ചുകൊണ്ട് ഈ വിദ്യാർത്ഥികളുടെ ഭാവി സംരക്ഷിക്കുവാനും മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ വാങ്ങിച്ച വിദ്യാർഥികൾക്ക് സർക്കാർ ഫീസിൽ പഠിക്കുവൻ കഴിയുന്ന സാഹചര്യം ഉണ്ടാക്കാനും തയ്യാറാകണം. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം സംബന്ധിച്ച് വിശദീകരണം നൽകണമെന്നാണ് പറയാനുള്ളത്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ): ഗവൺമെന്റ് ചെയ്യാനുള്ളതെല്ലാം ചെയ്തുകഴിഞ്ഞു. ആത്മാർത്ഥമായി ഇക്കാര്യത്തിൽ വിദ്യാർത്ഥികളെ സഹായിക്കാൻ ശ്രമിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിലാണ് 15-1-2005-ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചത്. 2003-04-ൽ കുട്ടികൾക്ക് സർക്കാർ ഫീസ് തന്നെ നൽകിയാൽ മതിയെന്ന ഉത്തരവ് വരികയുണ്ടായി. അത് ഹൈക്കോടതി റദ്ദാക്കി. ഇപ്പോൾ പ്രശ്നം സുപ്രീം കോടതിയിലെ ഭരണഘടനാ ബെഞ്ച് പരിശോധിച്ച് വരികയാണ്. സ്വാശ്രയ മാനേജ്മെന്റുമായി ബന്ധപ്പെട്ട കാര്യങ്ങളും പരിശോധിച്ചു വരികയാണ്. വളരെ പ്രശസ്തരായ അഭിഭാഷകരെ, ശ്രീ. കെ. കെ. വേണുഗോപാലിനെ യടക്കമുള്ള അഭിഭാഷകരെ ഗവൺമെന്റിന്റെ ഭാഗം വാദിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുണ്ട്. ഗവൺമെന്റിന് അത്രയുമേ ചെയ്യാൻ കഴിയുകയുള്ളൂ. കോടതിയിൽ കിടക്കുന്ന കാര്യത്തിൽ പരിമിതികളുണ്ട്. ഗവൺമെന്റ് ആത്മാർത്ഥമായി ഇക്കാര്യത്തിൽ സഹായിക്കാൻ ശ്രമിക്കുന്നുണ്ട്.

9. ചെമ്മീനിന്റെ വൈറസ് രോഗബാധ

ശ്രീ. വി. ഡി. സതീശൻ: നമ്മുടെ രാജ്യത്തിന് കോടിക്കണക്കിന് രൂപ വിദേശനാണ്യം നേടിത്തരുന്ന ചെമ്മീൻകൃഷി കടുത്ത പ്രതിസന്ധിയിലാണ്. വൈറ്റ്സ്പോട്ടെന്ന വൈറസ് രോഗം ബാധിച്ച് ചെമ്മീൻ കുഞ്ഞുങ്ങൾ മുഴുവൻ ചത്തൊടുങ്ങുന്ന സ്ഥിതിയാണ്. എല്ലാ പാടങ്ങളിലും ചെമ്മീൻ ഫാമുകളിലേയും മുഴുവൻ ചെമ്മീനും നശിച്ചു പോകുകയാണ്. 'കുനിൻമേൽ കുരു' എന്നപോലെ

LIBRARY ARCHIVES Kerala Legislative Assembly

ഈയിടെ ഉണ്ടായ സുനാമി ദുരന്തത്തിൽ ഒരുപാട് വെള്ളം കയറി കൂടുതൽ ദുരന്തം വിതച്ചിരിക്കുകയാണ്. കർഷകരെല്ലാം വലിയ കടക്കെണിയിലാണ്. ലക്ഷക്കണക്കിന് രൂപ ബാങ്കുകളിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത കർഷകർ വലിയ പ്രതിസന്ധിയിലേക്ക് നീങ്ങുകയാണ്. വൈറസ് രോഗത്തിന്റെ കാരണങ്ങളെക്കുറിച്ച് കേന്ദ്ര സംസ്ഥാന ഏജൻസികളേയും സംയോജിപ്പിച്ചുകൊണ്ടുള്ള ശാസ്ത്രീയ പഠനം നടത്തണം. അതുപോലെ തന്നെ പെട്ടെന്ന് ഈ മേഖലയിൽ കടാശ്വാസം വിതരണം നടത്തണം. അതുപോലെ തന്നെ ചെമ്മീൻ കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്ന ഹാച്ചറികൾ നിയന്ത്രിക്കാൻ നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ യാതൊരു നിയമ സംവിധാനവും ഇല്ല. ഇതിന് ഫിഷറീസ് ഡിപ്പാർട്ടുമെന്റിന് കരുത്തുപകരുന്ന രീതിയിലുള്ള നിയമനിർമ്മാണം അടിയന്തിരമായി ചെയ്യണം എന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ കടബാധ്യത ഉണ്ടായിരിക്കുന്ന കർഷകരുടെ പേരിൽ ജപ്തി നടപടികൾ കൂടി ആരംഭിച്ചിരിക്കുകയാണ്. ആ ജപ്തി നടപടികൾ താൽകാലികമായി നിർത്തിവയ്ക്കണം. ഈ മേഖലയിൽ കടാശ്വാസം വിതരണം നടത്തുന്നതിനും മറ്റും അടിയന്തിരമായ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ കോടിക്കണക്കിന് വിദേശനാണ്യം നേടിത്തരുന്ന ഈ മേഖല മുഴുവൻ വീണ്ടും വലിയ ദുരിതത്തിലേക്ക് പോകുമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): സർ, വൈറ്റ്സ്പോട്ട് രോഗംമൂലം കേരളത്തിൽ ചെമ്മീൻ കൃഷി കടുത്ത പ്രതിസന്ധി നേരിടുകയാണ്. 1994-ലാണ് ഇന്ത്യയിൽ ആദ്യമായി ഈ രോഗം കണ്ടെത്തിയത്. എറണാകുളം ജില്ലയിൽ രോഗനിർണ്ണയത്തിനായി കുമ്പളങ്ങിയിലും വടക്കൻ പറവൂരിലും പി.സി.ആർ. ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പും, കേന്ദ്ര ഏജൻസിയായ MPEDA-യും ഈ രോഗം തടയുന്നതിനുള്ള പഠനം നടത്തിവരികയാണ്. ഈ പ്രശ്നം ബഹുമാനപ്പെട്ട എം.എൽ.എ.തന്നെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ജനപ്രതിനിധികളുടെയും കർഷകരുടെയും സാങ്കേതിക വിദഗ്ദ്ധരുടെയും യോഗം എന്റെ നേതൃത്വത്തിൽ കൊച്ചിയിൽ വിളിച്ചുകൂട്ടി പ്രശ്നം ചർച്ച ചെയ്തു. കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, കണ്ണൂർ എന്നീ ജില്ലകളിലായി ഏകദേശം 4,410 ഹെക്ടർ സ്ഥലത്ത് രോഗം ബാധിച്ചിട്ടുണ്ട്. ഇതുമൂലം 23 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ചെമ്മീൻ രോഗബാധ നിയന്ത്രിക്കുന്നതിന് കർഷകർ തന്നെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതുണ്ട്. ഇതിനാവശ്യമായ ബോധവൽക്കരണം ഡിപ്പാർട്ട്മെന്റ് നടത്തുന്നതാണ്. ഗുണമേൻമ കുറഞ്ഞ വിത്തുകൾ ഉപയോഗിക്കുന്നതാണ് രോഗത്തിന് കാരണമായി കണ്ടെത്തിയിട്ടുള്ളത്. സുനാമിമൂലവും ചെമ്മീൻ കൃഷിക്കുണ്ടായ നാശനഷ്ടത്തിന്റെ കണക്കുകൾ ഡിപ്പാർട്ട്മെന്റുകൾ ശേഖരിച്ചിട്ടുണ്ട്. കർഷകർക്ക് കടാശ്വാസം നൽകുന്നകാര്യം പരിഗണനയിലാണ്. സുനാമിയിൽ കേടുപാട് സംഭവിച്ച 20,000 ഹെക്ടർ ചെമ്മീൻ പാടങ്ങൾ പുനരുദ്ധരിക്കുന്നതിന് കേന്ദ്രസഹായം നേടാൻ നടപടി എടുത്തിട്ടുണ്ട്. ഇതുപ്രകാരം 51.65 കോടി രൂപയുടെ പദ്ധതി കേന്ദ്രഗവണ്മെന്റിന് സമർപ്പിച്ചു. കേന്ദ്രസഹായം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്തിന് പുറത്തുനിന്ന് ഗുണമേൻമ കുറഞ്ഞ, രോഗം ബാധിച്ച ചെമ്മീൻ

LIBRARY ARCHIVES Kerala Legislative Assembly

കുഞ്ഞുങ്ങളെ കൊണ്ടുവരുന്നത് തടയുന്നതിന് ഇപ്പോൾ നിയമമില്ല. അതിനെക്കുറിച്ച് ഗവണ്മെന്റ് ഗൗരവമായി ആലോചിക്കുന്നതാണ്. അതുപോലെ കടാശ്വാസത്തിന് ബാങ്കുകളുമായി ബന്ധപ്പെട്ട് 6 മാസത്തെ ഒരു മോറട്ടോറിയം കൊടുക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

10. പൈതൽമലയുടെ വികസനം

ശ്രീ. കെ. സി. ജോസഫ്: ഉത്തര മലബാറിലെ ടൂറിസം വികസനത്തിന് അനന്തമായ സാധ്യതകൾ ഉള്ള ഒന്നാണ് പൈതൽ മല പദ്ധതി. മുഴുപ്പിലങ്ങാട് drive in beach, ബേക്കൽ, പൈതൽമലയെ ലിങ്ക് ചെയ്തുകൊണ്ട് വളരെയേറെ ടൂറിസം സാധ്യതകൾ ആ മേഖലയിലുണ്ട്. കണ്ണൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ഇത് സംബന്ധിച്ച് സമഗ്രമായ master plan തയ്യാറാക്കിയിട്ടുണ്ട്. അടിയന്തിരമായി പൈതൽമലയുടെ വികസനത്തിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കാനും അതിന് കേന്ദ്രഗവണ്മെന്റ് സഹായം ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കണം. ഈ കാര്യത്തിൽ ടൂറിസം മിനിസ്റ്ററുടെ ശ്രദ്ധക്ഷണിക്കുകയാണ്.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, ഉത്തര മലബാറിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ നിർണ്ണായകമായ ടൂറിസം മേഖലയെ സ്വാധീനിക്കുന്ന കേന്ദ്രങ്ങളാണ് പൈതൽമലയും മുഴുപ്പിലങ്ങാട് ബീച്ചും, ബേക്കൽ ടൂറിസവും ഒക്കെത്തന്നെ. മലബാർ ടൂറിസം വികസനത്തിനുവേണ്ടി ഒരു പ്രത്യേക പദ്ധതി ഗവണ്മെന്റ് തയ്യാറാക്കി 'Malabar Tourism Circuit' എന്ന പേരിൽ കേന്ദ്രഗവണ്മെന്റിന് സമർപ്പിക്കുകയും കേന്ദ്ര ഗവണ്മെന്റ് 8 കോടി രൂപയുടെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അതുകൂടാതെ പൈതൽമല eco tourism വികസനത്തെ മലബാർ ടൂറിസം വികസന സർക്യൂട്ടിൽപ്പെടുത്തി കേന്ദ്രഗവണ്മെന്റ് 60 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 50 ലക്ഷം രൂപ കേന്ദ്ര ഗവണ്മെന്റ് സഹായവും 10 ലക്ഷം രൂപ സംസ്ഥാന സർക്കാരിന്റെ വിഹിതവുമാണ്. ഈ പദ്ധതിക്ക് 28-2-2005-ലെ സർക്കാർ ഉത്തരവ് നമ്പർ 1562/2005/ടൂറിസം പ്രകാരം ഭരണാനുമതി നൽകിക്കഴിഞ്ഞു. പ്രസ്തുത പദ്ധതിയിൽ കാമ്പയ്നിനുള്ള സ്ഥലം, കാമ്പയ്നിംഗിനുള്ള ഉപകരണങ്ങൾ, അടയാള ബോർഡുകൾ, തൂക്കുപാലം, വ്യൂ പോയിന്റ് സംരക്ഷണം, facilitation centre, ജലവിതരണം എന്നീ ഐറ്റംസ് ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വനം വകുപ്പിന്റെ സഹകരണത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതുകൂടാതെ മലയോര സർക്യൂട്ടിന്റെ ഭാഗമായി ഒരു ടൂറിസ്റ്റ് കോംപ്ലക്സിനും കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മൊത്തം 172 ലക്ഷം രൂപ ചെലവ് വരുന്ന ഈ പദ്ധതിക്ക് 154 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ടൂറിസ്റ്റുകൾക്ക് ഉന്നത നിലവാരമുള്ള താമസ സൗകര്യം ഒരുക്കുന്നതിനാണ് ഈ കോംപ്ലക്സ്. മേൽപ്പറഞ്ഞ 2 പദ്ധതികളും ഒരുവർഷത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly